LIBRARY ARCHIVES Kerala Legislative Assembly

അഗതികൾക്ക് സാമൂഹ്യ സുരക്ഷാ പദ്ധതി

112 (888) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എൻ. രാജൻ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വീടും ജീവിതമാർഗ്ഗവും ഇല്ലാത്ത അഗതികൾക്കായി സാമൂഹിക സുരക്ഷാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഇതിനായി എത്ര തുക നീക്കിവച്ചു എന്നും കേന്ദ്ര സഹായം എത്ര തുക ലഭിക്കും എന്നും വ്യക്തമാക്കുമോ ;

(ഡി) സാമൂഹിക സുരക്ഷാ പദ്ധതിയിൽ അഗതികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) "ആശ്രയ" എന്ന പേരിൽ സംസ്ഥാനത്ത് ഒരു പദ്ധതി 101 പഞ്ചായത്തുകളിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) സംസ്ഥാന ബഡ്ജറ്റിൽ 2002-03-ൽ 2.50 കോടി രൂപയും 2003-04-ൽ 2.50 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്രസർക്കാർ 2002-03-ൽ 8 കോടി രൂപാ പ്രത്യേക സഹായമായി നൽകുകയും 2003-04 സാമ്പത്തിക വർഷത്തിൽ 7.50 കോടിരൂപ വകയിരുത്തിയിട്ടുള്ളതായും അറിയുന്നു.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(iii) വൈകിക്കിട്ടിയ ഉത്തരങ്ങൾ

ഹർത്താലിലും സമരങ്ങളിലുമുണ്ടായ പൊതുമുതൽ നഷ്ടം

113 (747) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. ബാബു :
ശ്രീ. എം. മുരളി :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ എൽ.ഡി.എഫ്. ആഹ്വാനം ചെയ്ത ഹർത്താൽ മറ്റ് സമരങ്ങൾ, പ്രതിഷേധ പ്രകടനങ്ങൾ എന്നിവയുടെ ഭാഗമായി എത്ര ബസ്സുകൾക്ക് നാശനഷ്ടം വരുത്തിയിട്ടുണ്ട് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എത്ര സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങൾ എന്നിവയുടെ വാഹനങ്ങൾക്ക് കേടുവരുത്തിയിട്ടുണ്ട് ;

(സി) വൈദ്യുതി ബോർഡിന്റെ എത്ര ട്രാൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ ലൈനുകൾ, ഓഫീസുകൾ മുതലായവ കേടുവരുത്തിയിട്ടുണ്ട് ;

(ഡി) ഇതുമൂലം ഒട്ടാകെ എന്തു തുകയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കപ്പെടുന്നു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 102 ബസ്സുകൾക്ക് നാശനഷ്ടം വന്നിട്ടുണ്ട്.

(ബി) സർക്കാർ വാഹനം - 104

പൊതുമേഖലാ വാഹനം - 154

പഞ്ചായത്ത് നഗരപാലികാ വാഹനം - 2

ഇതിൽ ഒരു കേന്ദ്രബറ്റാലിയൻ ബസ്സും ഒരു ജീപ്പും ഉൾപ്പെടും.

(സി) ടി സംഭവവുമായി ബന്ധപ്പെട്ട് 32 ഓഫീസുകൾക്ക് കേട് വരുത്തിയിട്ടുണ്ട്.

(ഡി) ഉദ്ദേശം 80,99,469 രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും കവർന്നെടുത്ത ആനുകൂല്യങ്ങൾ തിരിച്ചുനൽകുന്നത് സംബന്ധിച്ച ചർച്ചകൾ

114 (749) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും കവർന്നെടുത്ത ആനുകൂല്യങ്ങൾ തിരിച്ചുനൽകുന്നത് സംബന്ധിച്ച് സർക്കാർ, സംഘടനകളുമായി നടത്തിയ ചർച്ചകൾ എന്തൊക്കെയാണ് ; ഈ ചർച്ചയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം ആനുകൂല്യങ്ങളാണ് ജീവനക്കാർക്ക് തിരിച്ച് നൽകാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) 2002 മാർച്ച് 1 മുതൽ നടപ്പിലാക്കേണ്ട ശമ്പള പരിഷ്കരണത്തെക്കുറിച്ച് സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2002 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ നടന്ന സമരത്തോടനുബന്ധിച്ച് 9-3-2002-ൽ ചർച്ച നടത്തി. 16-1-2002-ലെ ജി.ഒ.(പി) 56/2002/ധനം.ഉത്തരവ് പ്രകാരം കുറവ് വരുത്തിയ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക, 2002 ഫെബ്രുവരി-മാർച്ച് മാസത്തെ സമരത്തോടനുബന്ധിച്ച് ജീവനക്കാർക്കെതിരെ എടുത്ത കേസുകൾ പിൻവലിക്കുക എന്നീ ആവശ്യങ്ങളാണ് 9-3-2002-ലെ ചർച്ചയിൽ ജീവനക്കാരുടെ പ്രതിനിധികൾ ഉന്നയിച്ചത്. അന്ന് മുഖ്യമന്ത്രി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 2-4-2003-ലും ചർച്ച നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly